

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-274/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/06/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.എ.ഡി.സി.ജനറൽ,വയനാട്

2.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ

3.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-274/22 തീയ്യതി: 01/06/2022

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പി.എസ്.വസന്ത	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	07-03-2022	25-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-03-2022	25-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.സമീർ ,അസി.ഓഡിറ്റ് ഓഫീസർ,,
ശ്രീ.അനിൽ ജോസ് ഡൊമിനിക്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗീതബാബു	പ്രസിഡന്റ്	01-04-2020	29-12-2020
ശ്രീ.ജസ്റ്റിൻ ബേബി	പ്രസിഡന്റ്	30-12-2020	31-03-2021
സിറിയക് ടി കുര്യാക്കോസ്	സെക്രട്ടറി	01-04-2020	18-10-2020
പി.കെ.പുരുഷോത്തമൻ	സെക്രട്ടറി	19-10-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
കൃഷ്ണൻകുട്ടി.പി.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2020	17-02-2021
ദൊരസ്വാമി.പി.ആർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	18-02-2021	31-03-2021
കുഞ്ഞമ്മദ്.കെ.പി	അസി എഞ്ചിനീയർ	01-04-2020	31-03-2021
ദീപ.കെ.എം	മെഡിക്കൽ ഓഫീസർ(,CHC പൊരുന്നന്നൂർ	01-04-2020	25-02-2021
രാഹുൽ.ആർ	മെഡിക്കൽ ഓഫീസർ(,CHC പൊരുന്നന്നൂർ	26-02-2021	31-03-2021

നീതു ചന്ദ്രൻ	മെഡിക്കൽ ഓഫീസർ(,CHC പേരിയ	01-04-2020	31-03-2021
പ്രമോദ് .ജി	പട്ടികവർഗ്ഗവികസനഓഫീസർ	01-04-2020	31-03-2021
പ്രശാന്ത്.കെ.പി	പട്ടികജാതിവികസനഓഫീസ്ര	01-04-2020	10-07-2020
ബാബുരാജൻ.എൻ.എം	പട്ടികജാതിവികസനഓഫീസ്ര	11-07-2020	26-02-2021
അനീഷ് ജോസ്	പട്ടികജാതിവികസനഓഫീസ്ര	27-02-2021	31-03-2021
സുധീർകുമാർ.പി.ആർ	സീനിയർ വെറ്റിനറി സർജൻ	01-04-2020	24-07-2020
കെ.എസ്.സുനിൽ	സീനിയർ വെറ്റിനറി സർജൻ	25-07-2020	06-10-2020
കെ.കെ.സതീഷ്കുമാർ	സീനിയർ വെറ്റിനറി സർജൻ	07-10-2020	31-03-2021
ഷീന.എം.കണ്ടത്തിൽ	ശിശു വികസന പദ്ധതി ഓഫീസർ	01-04-2020	03-09-2020
രാജാംബിക.ഒ.എസ്	ശിശു വികസന പദ്ധതി ഓഫീസർ	04-09-2020	31-03-2021
ശ്രീമതി. പ്രജിഷ.പി.പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	30-06-2020
നിഷാദ്.വി.കെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-07-2020	31-03-2021
ഇന്ദു.വി.	അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2020	04-04-2020
സി.ഗുണശേഖരൻ	അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	05-04-2020	31-03-2021

ഷീബ മുല്ലപ്പള്ളി	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
സാവൻ സാറ മാത്യു	മെഡിക്കൽ ഓഫീസർ(,നല്ലൂർനാട്	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ്	1-1
2	ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.	1-1-1
3	ബഡ്ജറ്റ് പൂർണ്ണമല്ല	1-1-2
4	യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-3
5	വാർഷികധനകാര്യപത്രിക	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	ക്യാഷ് പരിശോധന	1-6
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-7
11	ആഭ്യന്തരനിയന്ത്രണസംവിധാനം	1-8
12	വാർഷിക കണക്കുകളിലെ അപാകങ്ങൾ	1-9
13	മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - നല്ലൂർനാട് മെഡിക്കൽ ഓഫീസർ രേഖകൾ ഹാജരാക്കിയിട്ടില്ല.	1-10
14	എസ്.സി സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം പദ്ധതി വഴി നന്മ ഗാർമെന്റ്സ് എന്ന സ്ഥാപനം വാങ്ങിയ മെഷിനറികൾ സ്വകാര്യവ്യക്തി ഉപയോഗിക്കുന്നു	1-11
15	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ പദ്ധതി-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു.	1-12

16	സഹകരണ ബാങ്കുകളിൽ നിന്നുമുള്ള വായ്പ – യഥാ സമയം തിരിച്ചടക്കാത്തത്	1-13
17	കർഷകർക്ക് നെല്ലുൽപാദക കൂലിചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ	1-14
18	പൊതുമരാമത്ത് മേഖലയിലെ പദ്ധതിനിർവഹണം-അപാകങ്ങൾ	1-15
19	ഇ.ടെണ്ടർ ഫോറം വില ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല	1-16
20	കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിലെ അപാകങ്ങൾ.	1-17
21	ജലസേചനപദ്ധതികൾ ഏറ്റെടുക്കുന്നതിലെ അപാകങ്ങൾ.	1-18
22	റോഡ് സൈഡ് സംരക്ഷണപ്രവൃത്തികൾ- സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാൽ അധികച്ചെലവ്	1-19
23	റസ്സൽകുന്ന് പനവല്ലി -റോഡ് ടാറിംഗ് -കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം-പൂർത്തികരണകാലാവധി ദീർഘീച്ചിട്ടും പിഴ ഈടാക്കിയിട്ടില്ല.	1-20
24	പിലാക്കണ്ടിക്കുന്ന് മാതോത്ത് കുന്ന് റോഡ് കോൺക്രീറ്റ് -ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു.	1-21
25	ഭിന്നശേഷിക്കാർക്ക് മുചക്ര വാഹനം നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-22
26	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-23
27	പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-24
28	പുനർജനി പദ്ധതി- പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ.	1-25
29	കർഷകർക്ക് നൽകിയ നെല്ലുൽപാദക കൂലിചെലവ് സബ്സിഡി ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല.	1-26

ഭാഗം 2

--- No Records Found ---

ഭാഗം 3

1	റോഡ് സൈഡ് സംരക്ഷണപ്രവൃത്തികൾ- സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാൽ അധികച്ചെലവ്	3-1
2	റസ്സൽകുന്ന് പനവല്ലി -റോഡ് ടാറിംഗ് -കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം-പൂർത്തികരണകാലാവധി ദീർഘീച്ചിട്ടും പിഴ ഈടാക്കിയിട്ടില്ല.	3-2
3	പിലാക്കണ്ടിക്കുന്ന് മാതോത്ത് കുന്ന് റോഡ് കോൺക്രീറ്റ് -ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു.	3-3
4	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ പദ്ധതി-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു	3-4
5	എസ്.സി സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം-പദ്ധതി വഴി നന്മ ഗാർമെന്റ്സ് എന്ന സ്ഥാപനം വാങ്ങിയ മെഷിനറികൾ സ്വകാര്യവ്യക്തി ഉപയോഗിക്കുന്നു	3-5

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7

8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബഡ്ജറ്റ്

മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

ഇനം	2020-21	
	യഥാർത്ഥം	പുതുക്കിയത്
മുൻബാക്കി	103874456	769650
വരവ്	741034800	550063600
ആകെ	844909256	550833250
ചെലവ്	844365600	550182229
നീക്കിബാക്കി	543656	651021
തീരുമാനം നമ്പർ/തീയതി	130/2019-20/25.03.20	79/2020-21/24.02.21

1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.20 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , ബ്ലോക്ക്പഞ്ചായത്ത് കമ്മി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതാ കാണുന്നില്ല.സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയ ഭൂമികളുടെയും ലിസ്റ്റ് ,,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാ വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

2020-21 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നിർവഹണോദ്യോഗസ്ഥരോട് വിവരങ്ങ ആവശ്യപ്പെട്ടതായോ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗം വിളി വിവരങ്ങളോ ,അവലോകന/കൂടിയാലോചനാവിവരങ്ങളോ ഫയലിൽ ഇല്ല.

സെക്രട്ടറി ,വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുക തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്ക ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിം കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.വിവി സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകള ഓഡിറ്റിന് ലഭിച്ചിട്ടില്ല.

1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭ തീയതി. 02.12.2016) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖക ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.
2. ബഡ്ജറ്റ് നോട്ട്സ്.
3. ബഡ്ജറ്റ് സ്റ്റേറ്റ്മന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.
4. പെർഫോമൻസ് ബഡ്ജറ്റ്.
5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖക മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബഡ്ജറ്റുകൾ അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതി വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊ വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബഡ്ജറ്റും യഥാർത്ഥ വരവുചെലവുകളുമായ വളരെ അന്തരമുള്ളതാണ്.

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുക വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിന വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമാ സാമ്പത്തിക മാനേജുമെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കു ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ബ്ലോക്ക്പഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.അപാകതകൾ വിശദീകരിക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.21	13.07.21	-	-

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	63876570
വരവ്	133842550
ആകെ	197719120
ചെലവ്	144756621
നീക്കിയിരിപ്പ്	52962499

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി/ലാപ്സ്ഡ് തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	51603285	51603285	51422148	181137
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	3024000	3024000	2780000	244000

വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	34333802	34333802	33496984	836818
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	10224529	10224529	10224242	287
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	22060000	22060000	15437432	6622568
ജനറൽ പർപ്പസ് ഗ്രാന്റ്	3232529	5032000	8264529	7269779	994750

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
189	172838866	104	126120668	-	85	55

ആസൂത്രണം ചെയ്തതിൽ പദ്ധതികൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല.

ബ്ലോക്ക്പഞ്ചായത്ത് ആസൂത്രണം ചെയ്ത മുഴുവൻ പദ്ധതികളും നടപ്പാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്തതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.22 ,2 P.M ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ലയെന്ന് ബോധ്യപ്പെട്ടു.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22.10.18-26.10.18	2015-16-2018-19	16.08.19
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.03.19-25.03.19	01.01.16-31.12.18	06.05.19

1-8 ആഭ്യന്തരനിയന്ത്രണസംവിധാനം

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്ത നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തന വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.
സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റ് ബ്ലോക്ക്പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയു മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുക മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ബ്ലോക്ക്പഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതുംപ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്.എന്നാൽ പ്രോകുയർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റിക നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിം കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലു പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം, സ്കൂളുകളു ഭൗതികസാഹചര്യം,പകർച്ചവ്യാധി പ്രതിരോധനടപടികൾ എന്നീമേഖലകളിൽ ശ്രദ്ധ ചെലുത്തിയ അഭിനനന്ദനാർഹമാണ്. ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതുസംബന്ധിച്ച് അടുത്തയോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബ്ലോക് പഞ്ചായത്തിന്റെ ആസ്തികളിലല്ലാതെ ,ഗ്രാമപഞ്ചായത്തിന്റെ സമമ്മതപത്രം കൂടാതെയാണ് പ പദ്ധതികളും ഏറ്റെടുത്തിട്ടുള്ളത്.ജില്ലാപഞ്ചായത്ത് ,ഗ്രാമപഞ്ചായത്ത് എന്നിവർ നടപ്പാക്കിയ പദ്ധതികളുടെ പൂർത്തീകരണപദ്ധതികൾ വിശദമായ റിപ്പോർട്ട് പോലുമില്ലാതെ ഏറ്റെടുത്തിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്ന പ്രവണതയും ഉണ്ട്.

1-9 വാർഷിക കണക്കുകളിലെ അപാകങ്ങൾ

ബ്ലോക്ക്പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങ
കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നി
ഉൾപ്പെടുത്തിയിട്ടില്ല.

2. നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.കെട്ടിട വാടക ഓഡിറ്റോറിയം & ഹാൾ രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തമെഴുതി സെക്രട്ട
സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 179450 രൂപ വാടകയിനത്തിലും 4500 രൂപ ഹാ
വാടക ഇനത്തിലും ലഭിച്ചിട്ടുണ്ട്. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മന്റ് -3 പ്രകാരം 200000 രൂ
വാടക ഡിമാന്റ് കാണിച്ചിട്ടുണ്ട്. 20550 രൂപ ലഭിക്കാനുള്ളതായും കാണുന്നു.

4. Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

5.Secured Loan From Co-Operative Banks, വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2020-21 വർഷം 100,000 രൂ
വായ്പ ഇനത്തിൽ ലഭിച്ചതായും 3,809,000 രൂപ തിരിച്ചടച്ചതായും കാണുന്നു. പദ്ധതി ചെലവ് പത്രിക പ്രകാര
പ്രോജക്ട് നം 3/21 തയ്യാറാക്കി 100,000 രൂപയും പ്രോജക്ട് നം 193/21 തയ്യാറാക്കി 1009000 രൂപയും പ്രോജക്ട് ന
197/21 തയ്യാറാക്കി 1500000 രൂപയും പ്രോജക്ട് നം 198/21 തയ്യാറാക്കി 1200000 രൂപയും പ്രോജക്ട് നം 280/
തയ്യാറാക്കി 7,111,019രൂപയുമടക്കം ആകെ 10,920019 രൂപ തിരിച്ചടച്ചതിന്റെ ചെലവാണ് കാണുന്നത്. 2019-
സാമ്പത്തിക വർഷത്തിൽ വാർഷിക കണക്കിലും പൊരുത്തക്കേടുകൾ കാണുന്നു. തൻവർഷത്തെ
പദ്ധതി ചെലവ് പത്രിക പ്രകാരമുള്ളതും വാർഷിക കണക്കിലെ തുകകളും തമ്മിൽ
പൊരുത്തപ്പെടുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ വായ്പയുടെ കൃത്യത പരിശോധിക്കാ
സാധിച്ചിട്ടില്ല.

ഇവയുടെ വരവ് ചെലവ് സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുക
തയ്യാറാക്കാത്തതിനാൽ വായ്പ തിരിച്ചടവ് സംബന്ധിച്ച് പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

6. ആസ്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

7. ബാങ്ക് റീക്കൺസിലിയേഷൻ കൃത്യമായി നടത്തുന്നില്ല.

ഉദാഹരണം.

കെ.ജി.ബി തലപ്പുഴ അക്കൗണ്ട് നം22823, കെ.ജി.ബി 4979, കാനറ ബാങ്ക് എം.എസ്സി.പി അക്കൗണ്ട് 1928
കെ.ജി.ബി അക്കൗണ്ട് നം.50812 (റ്റി.എസ്.സി-എസ്.ജി.എസ്.വൈ) , കെ.ജി.ബി അക്കൗണ്ട് നം.100
(എം.എൽ.എ, എം.പി. ഹാഡ) , കെ.ജി.ബി അക്കൗണ്ട് നം. 2069 (തൊണ്ടർനാട് പാക്ക്) എന്നിവ റിക്കൺസി

ചെയ്ത തുകകൾ കൃത്യമല്ല. ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയല്ല റീകൺസിൽ ചെയ്യുന്നതിനായ എടുത്തിട്ടുള്ളത്.

ട്രഷറി ടി.എസി.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് 564 റീക്കൺസിൽ ചെയ്തിട്ടില്ല.

അക്കൗണ്ട് നം. 40476100004992 കേരള ഗ്രാമീൺ ബാങ്ക്.

മേൽ നമ്പർ അക്കൗണ്ടിൽ ചെക്ക് നം9151 ഉപയോഗിച്ച് 744 രൂപ നിക്ഷേപിച്ചതായും പിൻവലിച്ചതായ രേഖപ്പെടുത്തിയിട്ടുണ്ട്.(2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ) എന്നാൽ പ്രസ്തുത ചെക്ക് ക്യാൻസ ചെയ്തതായി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പല അക്കൗണ്ടുകളുടെയും ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ഒരേ നമ്പർ ചെക്ക് ഉപയോഗി പണം നിക്ഷേപിച്ചതായും പണം പിൻവലിക്കുന്നതിന് നൽകിയ ചെക്കുകൾ ബാങ്കി ഹാജരാക്കാത്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് തെറ്റായ നടപടിയാണ്.

8. ചന്തകൾ, ബസ് സ്റ്റാന്റ്, റോഡുകൾ , കൾവർട്ടുകൾ, പാലങ്ങൾ തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്തിന ആസ്തിയിൽ ഉൾപ്പെടുന്നവയല്ല. എന്നാൽ മേൽപ്പറഞ്ഞവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായ ആയതിന്റെ തേയ്മാനവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ബാലൻഷീറ്റ് ബി11 ഷെഡ്യൂ കാണുക)

9. ബ്ലോക്ക് പഞ്ചയത്തിന്റെ വാഹനങ്ങളുടെ മൂല്യം വർഷങ്ങളായി 86770 രൂപയായാണ് കാണിക്കുന്നത്.

10. ഷെഡ്യൂൾ ബി4., ഷെഡ്യൂൾ ബി17 എന്നിവ പൊരുത്തപ്പെടുന്നില്ല.

11.ബി4ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കു രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

12. തനത് ഫണ്ട് അക്കൗണ്ടിൽ തനത് ഫണ്ടിന് പുറമെ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകള നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. മറ്റ് ഫണ്ടുകൾ തന ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മൂലം തനത് ഫണ്ട് ബാലൻസ് സംബന്ധിച്ച് തെറ്റാ വിവരങ്ങളാണ് വാർഷിക കണക്കിൽ നിന്നും ലഭിക്കുന്നത്. (ഉദാ:- ICDS ഫണ്ട് Other Awards From Sta Government തുടങ്ങിയവ). തനത് ഫണ്ട് അക്കൗണ്ട് തനത് ഫണ്ടിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതു വ്യത്യസ്ത ഫണ്ടുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ച് പ്രസ്തുത തുകകൾ ആ അക്കൗണ്ടുകളിലേക മാറ്റി നിക്ഷേപിക്കേണ്ടതുമാണ്.

13.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധി കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധി പരിശോധിക്കാൻ സാധിച്ചിട്ടില്ല

15. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളി ഉൾപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് മെഡിക്കൽ ഓഫീസർ നല്ലൂർനാട് ഡയാലിസിസ് യൂണിറ്റിലേക വിവിധ ഉപകരണങ്ങൾ വാങ്ങിയട്ടുണ്ട്. ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളി ഉൾപ്പെടുത്തിയിട്ടില്ല.

1-10 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - നല്ലൂർനാട് മെഡിക്കൽ ഓഫീസർ രേഖകൾ ഹാജരാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ നല്ലൂർനാട് സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(1)പ്രോജക്ടിന്റെ നമ്പർ - 84/21

പ്രോജക്ടിന്റെ പേര് - ഡയാലിസിസ് യൂണിറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 1000000

ചെലവ് - പദ്ധതി ചെലവ് പത്രിക പ്രകാരം - 989421

(2)പ്രോജക്ടിന്റെ നമ്പർ - 105/21

പ്രോജക്ടിന്റെ പേര് - ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന് ഡയലൈസർ അനുബന്ധ സാധനങ്ങൾ വാങ്ങൽ സംയുക്ത പദ്ധതി

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 500000

മറ്റ് ഗ്രാമ പഞ്ചായത്തുകൾ - 2500000

ആകെ - 30000000
ചെലവ് –മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 361390

(3)പ്രോജക്ടിന്റെ നമ്പർ - 106/21

പ്രോജക്ടിന്റെ പേര് - നല്ലൂർനാട് സി.എച്ച്.സി ക്ക് നിത്യ നിദാന ചെലവുകൾ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 300000

ചെലവ് - പദ്ധതി ചെലവ് പത്രിക പ്രകാരം - 246002

(4)പ്രോജക്ടിന്റെ നമ്പർ - 146/21

പ്രോജക്ടിന്റെ പേര് - ഡയാലിസിസ് യൂണിറ്റിലെ ടെക്കിനിക്കൽ സ്റ്റാഫിന് വേതനം

അടങ്കൽ - വികസനഫണ്ട് - പൊതു വിഭാഗം - 500000

ചെലവ് - പദ്ധതി ചെലവ് പത്രിക പ്രകാരം - 361580

(5)പ്രോജക്ടിന്റെ നമ്പർ - 185/21

പ്രോജക്ടിന്റെ പേര് - ഡയാലിസിസ് യൂണിറ്റിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 1274000

ചെലവ് - പദ്ധതി ചെലവ് പത്രിക പ്രകാരം - 1269132

(6)പ്രോജക്ടിന്റെ നമ്പർ - 199/21

പ്രോജക്ടിന്റെ പേര് - സി.എച്ച്.സി നല്ലൂർനാട് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 978730

ചെലവ് - പദ്ധതി ചെലവ് പത്രിക പ്രകാരം - 820343

(7)പ്രോജക്ടിന്റെ നമ്പർ - 201/21

പ്രോജക്ടിന്റെ പേര് - നല്ലൂർനാട് സി.എച്ച്.സി ക്ക് നിത്യ നിദാന ചെലവുകൾ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 281223

ചെലവ് - പദ്ധതി ചെലവ് പത്രിക പ്രകാരം - 258303

മേൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ പ്രോജക്ട് വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടുണ്ടെങ്കിലു
ആയത് ഓഡിറ്റിന് പര്യാപ്തമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിക്കായി പണം പിൻവലിച്ചതിന്റെയു
ചെലവഴിച്ചതിന്റെയും രേഖകളായ ക്യാഷ് ബുക്ക് , ട്രഷറി ബിൽബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല. ഇ

ഹാജരാക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് എൻകയറി നം 15 തീയതി 21.03.20 നൽകിയിരുന്നു. ആയതിന് നൽകിയ മറുപടിയിൽ എൽ.എസ്.ജി.ഡി മുഖേന ലഭിക്കുന്ന തു ചെലവഴിക്കുന്നതിന് വേണ്ടി 2020-21 സാമ്പത്തിക വർഷത്തിൽ ക്യാഷ് ബുക്ക് തയ്യാറാക്കിയിട്ടില്ല എന്നു ക്യാഷ് ബുക്ക് , ട്രഷറി ബിൽബുക്ക് എന്നിവ അടുത്ത ഓഡിറ്റ് ടീമിന് മുമ്പാകെ ഹാജരാക്കുന്നതുമാ എന്നാണ്. ജി.ഒ(പി)177/2006 ഫിൻ തീയതി 12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ക്യാ ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇവ സൂക്ഷിക്കാതിരിക്കുന്നത് കേരള ട്രഷറി കോ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. രേഖകൾ സൂക്ഷിക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന് ലഭിച്ചതു ചെലവഴിച്ചതുമായ തുകകൾ സംബന്ധിച്ച് വിശദമായ പരിശോധന സാധ്യമായിട്ടില്ല. മേ പ്രോജക്ടുകളിൽ നിത്യനിദാന ചെലവുകൾ ഒഴികെയുള്ളവയിൽ മരുന്ന് വാങ്ങുന്നതിന് തു ചെലവഴിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മറ്റ് സ്വകാ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിരിക്കുന്നു. എന്നാൽ മരുന്നുക ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മരുന്നുകളുടെയ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ചെലവഴിച്ച ആകെ തുക 4306171 രൂപ തടസ്സപ്പെടുത്തുന്നു.

1-11 എസ്.സി സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം പദ്ധതി വഴി നന്മ ഗാർമെന്റ്സ് എന്ന സ്ഥാപനം വാങ്ങിയ മെഷിനറികൾ സ്വകാര്യവ്യക്തി ഉപയോഗിക്കുന്നു

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ എസ്.സി സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് ധനസഹായം പദ്ധതി വഴി വാങ്ങിയ മെഷിനറികൾ നിലവിൽ സ്വകാര്യവ്യക്തിയുടെ സ്ഥാപനത്തില് ഉപയോഗിക്കുന്നു. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-5 കാണുക.

1-12 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ പദ്ധതി-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചു.

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകൽ എന്ന പദ്ധതിയിൽ സബ്സിഡി മാർഗ രേഖയ്ക്കു വിരുദ്ധമായി പ്രൊജക്ട്

തയ്യാറാക്കി ശ്രവണ സഹായികൾ വിതരണം ചെയ്തതു മൂലം ബ്ലോക്ക് പഞ്ചായത്തിന് ₹2,99,000 നഷ്ടം സംഭവിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾ ഖണ്ഡിക 3-4 ൽ നൽകുന്നു (ഖണ്ഡിക 3-4 കാണുക)

1-13 സഹകരണ ബാങ്കുകളിൽ നിന്നുമുള്ള വായ്പ – യഥാ സമയം തിരിച്ചടക്കാത്തത്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവി ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിന് വയനാട് ജില്ലാ സഹകരണ ബാങ്കി നിന്നും വായ്പ എടുത്തിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ 29.1.2010 തീയതിയിലെ 3/2020 സർക്കുലർ പ്രകാരം സഹകര സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനും ആയതിന്റെ പലിശ 10% ആയി നിജപ്പെടുത്തുകയ ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ 10ാം നമ്പർ നിർദ്ദേശ പ്രകാരം 2010-11 മുതൽ 2019-20 നകം വാ തിരിച്ചടവ് പൂർണ്ണമാകുന്ന രീതിയിൽ വായ്പ കാലാവധി നിജപ്പെടുത്തുന്നതിനും വായ്പ കാലയളവ് വർഷത്തിൽ അധികമാവാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാനന്തവാടി ബ്ലോക്ക് പഞ്ചായത സെക്രട്ടറി 22.02.2010 ലെ സി.401/10 നമ്പർ കത്ത് മുഖേന 7,61,85,000/- അനുവദിക്കണമെ ആവശ്യപ്പെടുകയും ചെയ്തു.

സ.ഉ(സാ) നം.637/2010 തസ്വഭവ തീയതി 25/2/2010 സർക്കാർ ഉത്തരവിൽ വായ്പ പലിശ 10 നിജപ്പെടുത്തുകയും വായ്പ നൽകുന്ന ബാങ്കുമായി ഏർപ്പെടേണ്ട കരാർ മാതൃക നൽകുകയും ചെയ്തിട്ടുണ്ട്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ.ഉ.(സാ)നം.1369/2010/തസ്വഭവ തീയതി 21.4.2010 പ്രകാരം മാനന്തവാ ബ്ലോക്ക് പഞ്ചായത്തിന് 76185000 രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും വായ്പ തുക മുത പലിശ എന്നിവ യഥാ സമയം അടച്ചു എന്ന് ഉറപ്പ് വരുത്തണമെന്നും വായ്പ യഥാ സമയം തിരിച്ചടക്കാത്ത മൂലം ബ്ലോക്ക പഞ്ചായത്തിനോ സർക്കാരിനോ പിഴ പലിശ നൽകാനുള്ള സാഹചര്യം ഉണ്ടാവാൻ പാടി എന്നും വ്യക്തമാക്കിയിട്ടുണ്ട്.

2010 ജൂൺ 18 ന് ബാങ്കുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വായ്പ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വാ അനുവദിച്ചത് താഴെപ്പറയും പ്രകാരമാണ്

തീയതി	അനുവദിച്ച തുക

19.6.2010	30474000
14.03.2011	30474000
ആകെ	60948000

മേൽ തുകയുടെ മുതൽ ഭാഗം 10 തുല്യ ഗഡുക്കളായി തിരിച്ചടക്കുകയായിരുന്നുവെങ്കിൽ പ്രതിവർഷ 6094800 രൂപ വീതം വായ്പ തിരിച്ചടവ് നടത്തേണ്ടതായിരുന്നു. തിരിച്ചടവ് നടത്തിയതിന്റെ വിവരം താഴ ചേർക്കുന്നു. (ബാങ്ക് സ്റ്റേറ്റ്മന്റ് പ്രകാരം)

തീയതി	തുക	സാമ്പത്തിക വർഷം	സാമ്പത്തിക വർഷം ആകെ ഒടുക്കിയ തുക
29.2.12	6433400	2011-12	6433400
11/3/2013	6433400	2012-13	6433400
31.10.2013	7033400	2013-14	7033400
31.10.2014	5033400	2014-15	7885400
28.03.2015	2852000		
23.2.2016	4500000	2015-16	4500000
05.04.2016	1300000	2016-17	9935897
05.04.2016	6135897		
25.1.2017	2500000		
01.11.2017	1197274	2017-18	2205968
09.01.2018	1008694		
21.07.2018	958000	2018-19	2136300

26.12.2018	1178300		
30.07.2019	510000	2019-20	7273216 (ഇതിൽ 3709000 രൂപ 2020-21 സാമ്പത്തിക വർഷത്തിലാണ് യഥാർത്ഥത്തിൽ നൽകിയിട്ടുള്ളത്.)
16.10.2019	750000		
5.11.2019	607000		
27.01.2020	397216		
27.01.2020	400000		
24.03.2020	475000		
24.03.2020	425000		
31.03.2020	3709000		
28.08.2020	100000	2020-21	7110919 ഈ തുക സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് ബാങ്കിന് നൽകി
06.30.2021	7010919		

2015-16, 2017-18, 2019-20 സാമ്പത്തിക വർഷങ്ങളിൽ ആവശ്യമായ തുക വകയിരുത്തി ഒടുക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ അവസാനിക്കേണ്ടിയിരുന്ന വായ്പ തിരിച്ചടവ് 2020-21 സാമ്പത്തിക വർഷത്തിലേക്ക് നീളുകയും സംസ്ഥാന സർക്കാരിന് പലിശ ഇനത്തിൽ അധിക ബാധ്യതക്ക് കാരണമാവുകയും ചെയ്തിട്ടുണ്ട്. വായ്പ തിരിച്ചടവിന് ആവശ്യമായ തുക വകയിരുത്താത്ത മേൽ കാലയളവിലെ സെക്രട്ടറിമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ ഉണ്ടായ നഷ്ടം കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-14 കർഷകർക്ക് നെല്ലുൽപാദക കൂലിചെലവ് സബ്സിഡി നൽകിയതിലെ അപാകതകൾ

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) കർഷകർക്ക് നെല്ലൂൽപാദക കൂലിചെലവ് സബ്സിഡി നൽകുന്നതിനാ ₹28,14,150 ചെലവഴിച്ചിട്ടുണ്ട്. വിവിധ കൃഷി ഭവനുകൾ വഴിയാണ് മേൽ തുക കർഷകർക്ക് വിതരണ ചെയ്തത്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം/ പേര്	109/21 നെല്ലുൽപാദക കൂലിചെലവ് സബ്സിഡി
അടങ്കൽ	₹ 24,61,520 (വികസന ഫണ്ട്-ജനറൽ) ₹ 19,72,000 (വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആകെ-₹ 44,33,520
ചെലവ്	₹2,25,505.00 (തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 326/ 22/01/2021 നമ്പർ അലോട്ട്മേൽമെന്റ് , ഉത്തരവ്വ് നം.348 /04/02/2021) ₹1,87,936.00 (തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 328/ 22/01/2021 നമ്പർ അലോട്ട്മെന്റ് , ഉത്തരവ്വ് നം.350 /04/02/2021) ₹1,58,185.00 (തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 327/ 22/01/2021

നമ്പർ അലോട്ട്മെന്റ് ,
ഉത്തരവ് നം.349 /04/02/2021)

₹8,42,150.00 (വെള്ളമുണ്ട
ഗ്രാമപഞ്ചായത്ത്
സെക്രട്ടറിയുടെ 473/ 15/03/2021
നമ്പർ അലോട്ട്മെന്റ് ,
ഉത്തരവ് നം.540/30/03/2021)

₹8,16,771.00 (തിരുനെല്ലി
ഗ്രാമപഞ്ചായത്ത്
സെക്രട്ടറിയുടെ 344/ 23/02/2021
നമ്പർ അലോട്ട്മെന്റ് ,
ഉത്തരവ് നം.334/23/02/2021)

₹47,229.00 (തിരുനെല്ലി
ഗ്രാമപഞ്ചായത്ത്
സെക്രട്ടറിയുടെ 345/ 23/02/2021
നമ്പർ അലോട്ട്മെന്റ് ,
ഉത്തരവ് നം.335/23/02/2021)

₹4,43,724.00 (എടവക
ഗ്രാമപഞ്ചായത്ത്
സെക്രട്ടറിയുടെ 360/ 06/02/2021
നമ്പർ അലോട്ട്മെന്റ് ,
ഉത്തരവ് നം.351/10/02/2021)

₹32895.00 (തവിഞ്ഞാൽ
ഗ്രാമപഞ്ചായത്ത്
സെക്രട്ടറിയുടെ 329/ 22/01/2021
നമ്പർ അലോട്ട്മെന്റ് ,
ഉത്തരവ് നം.351/04/02/2021)

	₹59,755.00 (തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 427/ 29/03/2021 നമ്പർ അലോട്ട്മെന്റ് , ഉത്തരവ് നം.422/30/03/2021) അകെ-₹28,14,150.00

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ട്രഷറിയിൽ നിന്ന് തുക കർഷകരുടെ ബാങ്ക് അക്കൊണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത്തിന്റെ യു.റ്റി.ആർ സ്റ്റേറ്റ്മന്റ് പ്രകാരം താഴെ പറയുന്ന കർഷകരുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റായതായി കാണുന്നില്ല.

സി.നം	കർഷകന്റെ പേര്	പഞ്ചായത്ത്	തുക(₹)
1	വർഗീസ് പി.വി	തവിഞ്ഞാൽ	2125.00
2	ജെയിംസ് ടി.യു	തവിഞ്ഞാൽ	850.00
3	ജോർജ്ജ് എ ജെ	വെള്ളമുണ്ട	1914.00
4	അമ്മെദ് ടി.കെ	വെള്ളമുണ്ട	1914.00
5	ആൻഡ്രു പൊന്നാണ്ടി കൊട്ടാരംകുന്നു പി.ഓ	വെള്ളമുണ്ട	1276.00
6	അമ്മദ് ഹാജി	വെള്ളമുണ്ട	640.00
7	മേൽഇബ്രാഹിം	വെള്ളമുണ്ട	1084.00
8	റോയി	വെള്ളമുണ്ട	1148.00
9	സണ്ണി കുര്യൻ	വെള്ളമുണ്ട	1212.00
10	മനോജ്	വെള്ളമുണ്ട	2552.00
11	ബേബി കെ കെ	വെള്ളമുണ്ട	1914.00
12	അരവിന്ദാക്ഷൻ	വെള്ളമുണ്ട	638.00

13	ബേബി	വെള്ളമുണ്ട	7145.00
14	സണ്ണി	വെള്ളമുണ്ട	1850.00
15	ശാരദ	വെള്ളമുണ്ട	638.00
16	ജസിന്ത	വെള്ളമുണ്ട	1276.00
17	രാജൻ	വെള്ളമുണ്ട	1276.00
18	കുര്യൻ കെ.ജെ,കാവും പുറത്ത്,കാരക്കാമല പി.ഒ,വയനാട്	വെള്ളമുണ്ട	1276.00
19	ഗോപാലൻ നായർ	വെള്ളമുണ്ട	574.00
20	മോഹനൻ നായർ	വെള്ളമുണ്ട	957.00
21	ബാലകൃഷ്ണൻ	വെള്ളമുണ്ട	319.00
22	ഐപ്പ് എം വി	വെള്ളമുണ്ട	1595.00
23	മീനാക്ഷി	വെള്ളമുണ്ട	1276.00
24	എം അച്യുതക്കുറിപ്പ് ദീപാലയം തരുവണ പി.ഒ	വെള്ളമുണ്ട	957.00
25	പാത്തു	വെള്ളമുണ്ട	319.00
26	ഭാർഗവി അമ്മ	വെള്ളമുണ്ട	1914.00
27	മോഹൻകുമാർ	വെള്ളമുണ്ട	640.00
28	എം.ശ്രീധരൻ മധു നിവാസ് (വീട്) നല്ലൂർനാട്	വെള്ളമുണ്ട	385.00
29	ത്രേസ്യ	വെള്ളമുണ്ട	448.00
30	കുര്യാക്കോസ്	വെള്ളമുണ്ട	640.00

31	നാണു പി.ആർ	വെള്ളമുണ്ട	574.00
32	വാസു നായർ, എടത്തിൽ, പളിയണ	വെള്ളമുണ്ട	1020.00
33	സച്ചിദാനന്ദൻ എ	വെള്ളമുണ്ട	1403.00
34	തങ്കമണി	വെള്ളമുണ്ട	638.00
35	ശാന്തകുമാരി	വെള്ളമുണ്ട	2233.00
36	സാബു	വെള്ളമുണ്ട	640.00
37	ഇന്ദിര കെ.റ്റി	വെള്ളമുണ്ട	957.00
38	വിജയൻ പി.വി	വെള്ളമുണ്ട	1276.00
39	ചന്ദ്രിക	വെള്ളമുണ്ട	1595.00
40	ഗീതാകുമാരി കെ	വെള്ളമുണ്ട	638.00
41	സന്ധ്യ	വെള്ളമുണ്ട	1276.00
42	സിന്ധു	വെള്ളമുണ്ട	446.00
43	അബ്ദുൾ ബഷീർ	വെള്ളമുണ്ട	382.00
44	ഗംഗാധരൻ	വെള്ളമുണ്ട	510.00
45	മോണിക്ക കെ.സി കുളിരാനിയിൽ	വെള്ളമുണ്ട	1276.00
46	ജോൺസൺ എം.വി	വെള്ളമുണ്ട	1276.00
47	ശശി ചൈത്രം	വെള്ളമുണ്ട	1276.00
48	ജോൺസൺ ജോസഫ് കൊല്ലിയിൽ	വെള്ളമുണ്ട	638.00
49	സുമേഷ്	വെള്ളമുണ്ട	830.00
50	മണി	വെള്ളമുണ്ട	1276.00

51	സത്യഭാമ കെ.റ്റി	വെള്ളമുണ്ട	765.00
52	വിപിൻ കെ ബേബി	വെള്ളമുണ്ട	319.00
53	ഷോബി ഫിലിപ്പ്	എടവക	602.00
	ആകെ		62,598

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/2020-21 തീയതി 22/03/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

1-15 പൊതുമരാമത്ത് മേഖലയിലെ പദ്ധതിനിർവഹണം-അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിനെ മൊത്തത്തിൽ ഒരു ഘടകമായി കണ്ട് പദ്ധതികൾ ആസൂത്രണം ചെ നടപ്പാക്കേണ്ട സ്ഥാപനമാണ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്.പൊതുമരാമത്ത് മേഖലയിലെ പദ്ധതികളുടെ നിർവഹണോദ്യോഗസ്ഥർ അസി.എഞ്ചിനീയറും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറു ആണ്.എന്നാൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും വേണ്ടത്ര ശുഷ്കാന്തി പുലർത്തുന്നതായി കാണുന്നില്ല.

തൻവർഷം ഈ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ഇപ്രകാരമാണ്.

നിർവഹണോദ്യാഗസ്ഥർ	ആകെ പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
അസി. എഞ്ചിനീയർ	104	92	65969645	53673487
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	08	07	12822034	9965321

സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെയു സമയവും മനുഷ്യവിഭവശേഷിയും ചെലവഴിച്ച് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായു നടപ്പാക്കാൻ കഴിയാത്തതിനാൽ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമാകേണ്ട മുഴുവൻ തുകയും വികസ പ്രവർത്തനങ്ങൾക്കുപയോഗിക്കാൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളു

ജില്ലാപഞ്ചായത്തിന്റെ പദ്ധതികളും കണക്കിലെടുക്കാതെയാണ് പദ്ധതികൾ ആസൂത്രണ ചെയ്യുന്നത്.പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ , സ.ഉ.(കൈ)എം.എസ്.നം.11/2018 ത.സ്വ.ഭ.വ.29.01.18 പ്രകാരം സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്.മുൻവർഷങ്ങളിൽ സ്പിൽ ഓവറായ പദ്ധതികൾ വീണ്ടും സ്പിൽ ഓവറാക്കു തുക വകയിരുത്തുന്നത് ശരിയായ നടപടിയല്ല. ഓരോ വർഷവും തുക വകയിരുത്തിയ പദ്ധതികൾ നടപ്പാക്കാതെ, ഫണ്ട് ലാപ്സാക്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വിവിധ വികസനപ്രവർത്തനങ്ങൾക്ക ലഭിക്കുന്ന തുക പാഴാകുന്ന അവസ്ഥ സംജാതമാകുന്നു. ഒരു ഗ്രാമപഞ്ചായത്തിന്റെ മാത്രം ഉള്ളിലുള്ള റോഡുകളുടെ ടാറിംഗിനും റീടാറിംഗിനും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തര പ്രോജക്ടുകൾ ആവശ്യപ്പെട്ടതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലോ പദ്ധതി ഫയലുകളിലോ പദ്ധതി രൂപീകരണം സംബന്ധിച്ച വിവരങ്ങൾ ഇല്ല. ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലകളിൽപ്പെട്ടതല്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്.

പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല എന്ന് കാണുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.പലറോഡുകളും പകുതി ഭാഗം പണി തീർത്ത് പകുതി ഭാഗം ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണുള്ളത്.

4.എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നതായി കാണുന്നില്ല.അതുകൊണ്ട് തന്നെ എഗ്രിമെന്റ് വെച്ച് പണി തുടങ്ങിയതിന് ശേഷം പല എസ്റ്റിമേറ്റുകളും റിവൈസ് ചെയ്യേണ്ട സാഹചര്യ വന്നിട്ടുണ്ട്.പദ്ധതികൾ യഥാസമയം പൂർത്തിയാകാതെ ഫണ്ട് ലാപ്സാകുന്നതിന് ഇത് ഒരു കാരണമാണ്.സ്ഥലസന്ദർശനം നടത്തി വേണ്ടത്ര പഠനം നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് കാണുന്നത്.

5.പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിലും പിഴ ഈടാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

6.ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പടുത്തിയത് സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നില്ല.

7.അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. പ്രവൃത്തികളുടെ ഫയലിൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനു ശേഷമുള്ള ഫോട്ടോ സൂക്ഷിച്ചിട്ടില്ല

9.ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

10.കരാറിൽ പൂർത്തീകരണതീയതി രേഖപ്പെടുത്തുന്നില്ല.2012 ലെ കേരളപൊതുമരാമത്ത് വകുപ്പ് മാനുവൽ (ജി.ഒ.പി.13/2012/പി.ഡബ്ല്യു.ഡി /01.02.2012 പ്രകാരമുള്ള നിർദ്ദിഷ്ടഫോറത്തിൽ അല്ല എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

11. കരാറിൽ പൂർത്തീകരണത്തീയതി രേഖപ്പെടുത്താത്തതിനാൽ തന്നെ ഓരോ വർഷത്തെയും പദ്ധതികൾ 31/3 ന് പൂർത്തീകരിക്കുക എന്ന അനുമാനത്തിൽ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നുവെങ്കിലും സ്വീകരിച്ചതായി കാണുന്നില്ല.

12.ഫയലുകളിൽ പേജ് നമ്പർ നൽകുകയോ നോട്ട് ഫയൽ വെക്കുകയോ ചെയ്തിട്ടില്ല.

13.ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സമ്മതപത്രങ്ങൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-16 ഇ.ടെണ്ടർ ഫോറം വില ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

ബ്ലോക്ക്പഞ്ചായത്ത് 2020-21 വർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ബ്ലോക്ക്പഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. 2020-21വർഷം ഇ.ടെണ്ടർ മുഖേ നടപ്പാക്കിയ 55 പ്രവൃത്തികളുടെ ഇ.ടെണ്ടർ ഫോറം വില നികുതിയുൾപ്പെടെ 206584 രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് അടച്ചിരിക്കുന്നത്.

02.10.17 ലെ G.O(MS)3186/2017LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ ഇത് പാലിച്ചതായോ ഇ.ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്തിൽ വരവ് വെച്ചതായോ കാണുന്നില്ല.

കൂടാതെ സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.19 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു.

തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിലെ അപാകങ്ങൾ.

2020-21 വർഷം അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ,അറ്റകുറ്റപ്പണി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

പദ്ധതികൾ ഏറ്റെടുത്തതിലും നടപ്പാക്കിയതിലും താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം തുറസ്സായ കുടിവെള്ളകിണറുകൾ ശുചിത്യകിണറുകളാക്കിമാറ്റൽ,പി.വി.സി വാട്ടർ ടാങ്ക് വാങ്ങിവിതരണം,മഴവെള്ളസംഭരണി എന്നീ പദ്ധതികൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്.ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമായ നിർദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കാമെന്നുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ പാടില്ലയെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

2.കേരളപഞ്ചായത്ത് രാജ് ആക്ട് ,1994 വകുപ്പ് 172(1),നാലാംപട്ടിക പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ളപദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നില്ല.

3.ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത കുടിവെള്ളപദ്ധതികളൊന്നും തന്നെ പുതിയ കുടിവെള്ളപദ്ധതികൾ അല്ല.മുൻപുള്ള കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം ആണ്.

ഒന്നിൽകൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ളപദ്ധതികളൊന്നും ഏറ്റെടുത്തതിൽ ഉൾപ്പെടുന്നില്ല.

4.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണികളുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പിനെ ഏൽപ്പിച്ചുകൊടുക്കേണ്ടതുമാണ്.

എന്നാൽ ഇത്തരം നടപടികൾ പാലിച്ചതായി കാണുന്നില്ല.

5.കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രോജക്ടുകളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ,നിലവിൽ പദ്ധതിയുടെ അവസ്ഥ സംബന്ധി

വിവരങ്ങളോ,ഏതു വർഷം സ്ഥാപിച്ച പദ്ധതിയാണെന്ന വിവരങ്ങളോ,എത്രമാത്രം പണികൾ ഇ പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരങ്ങളോ ഫയലിൽ ഇല്ല.അതുകൊണ്ടുതന്നെ ഈ പ്രവൃത്തിക യഥാർത്ഥത്തിൽ ആവശ്യമുള്ളതാണെന്നോ,പൂർത്തീകരിച്ചോയെന്നോ വ്യക്തമല്ല. മോണിട്ടറിം ,റിപ്പോർട്ട്,ഫോട്ടോ എന്നിവ ഫയലിൽ ഇല്ല.

6.ഫയലുകളിൽ ലൊക്കേഷൻ സ്കെച്ചോ,ഡ്രോയിംഗ്സോ ഇല്ല.

താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതിൽ അപാകങ്ങൾ വന്നിട്ടുണ്ട്.

ക്രമനമ്പർ	പ്രൊജക്ട് നമ്പർ/ പ്രോജക്ട്	അടങ്കൽ ചെലവഴിച്ച തുക ഫണ്ട്/ബിൽ വിവരങ്ങൾ	അപാകതകൾ
1.	130/21 എടപ്പാടി മഴുവന്നൂർ കുടിവെള്ളപദ്ധതി	വികസനഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ് അടങ്കൽ-300000/- ചെലവഴിച്ച തുക-298509 ട്രഷറിബിൽ നമ്പർ-95/20-21/25.03.21	കുളം നിർമ്മാണം-പൈപ്പ് ലൈൻ സ്ഥാപിക്കര ,മോട്ടോർ വാങ്ങൽ എന്നീ പ്രവൃത്തികൾ ആ പൂർത്തീകരിച്ചത്.വൈദ്യുതികണക്ഷന് തു ചെലവഴിച്ചതായി കാണുന്നില്ല.ബാക്ക പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളു ഫയലിൽ ഇല്ല.മുൻപ് ഈ പ്രവൃത്തിക ചെയ്തതാണോയെന്നും വ്യക്തമല്ല.എസ്റ്റിമേ റിപ്പോർട്ട് ഇല്ല.പദ്ധതിയു പ്രവർത്തനക്ഷമത,പൂർത്തീകരണം എന്നി സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ ഇ
2	95/20 കാട്ടിക്കുളം നാലുസെന്റ് കോളനി കുടിവെള്ളപദ്ധതി	വികസനഫണ്ട്-ജനറൽ അടങ്കൽ -10 ലക്ഷം ചെലവഴിച്ച തുക-603416 11/20-21/20.04.20-270249	21.03.22 ന് നടത്തിയ സ്ഥലപരിശോധനയി നിലവിൽ പൈപ്പുകൾ പൊട്ടിക്കിടക്കുന്നതിനാ കുടിവെള്ളപദ്ധതി ഫലപ്രദമാ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടു. മുൻപ് ജില്ലാപഞ്ചായത്ത് നടപ്പാക്കി കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണികളു ഇലക്ട്രിക് മോട്ടോർ സ്ഥാപിക്കലും ഹൗ

		117/20-21/31.03.21-138089 21-22 ൽ ചെലവഴിച്ചത്-195078	കണക്ഷൻ നൽകലും എന്ന രീതിയിലാണ് പദ്ധത നടപ്പാക്കിയത് എന്നിരിക്കലും എസ്റ്റിമേറ്റ് റിപ്പോർ ഫയലിൽ ഇല്ല.രണ്ട് പി.വി.സി.ടാങ്കുകൾ സ്ഥാപി. അതിൽ നിന്നും ഗുണഭോക്താക്കൾക്ക് വാട്ട കണക്ഷൻ നൽകുകയാണ് ചെയ്തതെങ്കിലും 50 ലിറ്ററിന്റെ ടാങ്കിൽ നിന്നും 5 വീട്ടുകാർക്കു 2000ലിറ്ററിന്റെ ടാങ്കിൽനിന്നും വീട്ടുകാർക്കുമാണ് നൽകിയത്.2000 ലിറ്ററിന്റ ടാങ്ക് സ്ഥാപിച്ചിരിക്കുന്നതും ടാങ്കിൽ നിന്നുള പൈപ്പ് ലൈൻ സ്ഥാപിക്കലും ചെയ്തിരിക്കുന്ന പുതുതായി പണിതീർത്ത അങ്കണവാട കെട്ടിടത്തിലാണ്.ആയതുകൊണ്ട് തന്നെ ഇ പ്രവൃത്തികൾ അങ്കണവാട കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.603416 രൂ ചെലവഴിച്ചിട്ടും പദ്ധതി നിലവിൽ ഉപകാരപ്രദമല്ല. പ്രവൃത്തിയുടെ സെക്യൂരിറ്റി ഡെപ്പോസി തിരിച്ചുകൊടുത്ത വിവരം ഫയലിൽ വ്യക്തമല്ല.

ഓഡിറ്റ് എൻകൃയറി.നം. 19 / 20-21 തീയതി 23.03.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപട നൽകിയിട്ടില്ല.അപാകതകളുടെ അടിസ്ഥാനത്തിൽ 1310263രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾക്ക് വിശദീകരണവവും അധികവിവരങ്ങളും ഹാജരാക്കേണ്ടതാണ്.

1-18 ജലസേചനപദ്ധതികൾ ഏറ്റെടുക്കുന്നതിലെ അപാകങ്ങൾ.

2020-21 വർഷം അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ജലസേചനപദ്ധതികളുടെ പൂർത്തീകരണ,അറ്റകുറ്റപ്പണി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

പദ്ധതികൾ ഏറ്റെടുത്തതിലും നടപ്പാക്കിയതിലും താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1.സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ആണ് ജലസേചനപദ്ധതികൾ ഏറ്റെടുക്കാവുന്നത്.എന്നാൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളിൽ ഈ രേഖകൾ ഇല്ല.

2.കേരളപഞ്ചായത്ത് രാജ് ആക്ട് ,1994 വകുപ്പ് 172(1),നാലാംപട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിടജലസേചനപദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയുമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യേണ്ടത്.

3.ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ജലസേചനപദ്ധതികൾ അധികവും പുതിയ ജലസേചനപദ്ധതികൾ അല്ല.മുൻപുള്ള ജലസേചനപദ്ധതികളുടെ പൂർത്തീകരണം ആണ്.

ഒന്നിൽകൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന ജലസേചനപദ്ധതികളൊന്നും ഏറ്റെടുത്തതിൽ ഉൾപ്പെടുന്നില്ല.

4.ജലസേചനപദ്ധതികളുടെ പൂർത്തീകരണപ്രൊജക്ടുകളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ,നിലവിൽ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങളോ,ഏതു വർഷം സ്ഥാപിച്ച പദ്ധതിയാണെന്ന വിവരങ്ങളോ,എത്രമാത്രം പണികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരങ്ങളോ ഫയലിൽ ഇല്ല.അതുകൊണ്ടുതന്നെ ഈ പ്രവൃത്തികൾ യഥാർത്ഥത്തിൽ ആവശ്യമുള്ളതാണെന്നോ,പൂർത്തീകരിച്ചോയെന്നോ വ്യക്തമല്ല. മോണിട്ടറിംഗ് ,റിപ്പോർട്ട്,ഫോട്ടോ എന്നിവ ഫയലിൽ ഇല്ല.

5.ഫയലുകളിൽ ലൊക്കേഷൻ സ്കെച്ചോ,ഡ്രോയിംഗ്സോ ഇല്ല.

താഴെപ്പറയുന്ന പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ പൂർണ്ണമായ രേഖകൾ ഇല്ലാതെയാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയത് എന്ന് കണ്ടു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം-അസി.എഞ്ചിനീയർ.

ക്രമനമ്പർ	പ്രൊജക്ട് നമ്പർ/ പ്രോജക്ട്	അടങ്കൽ ചെലവഴിച്ച തുക ഫണ്ട്/ബിൽ വിവരങ്ങൾ	അപാകതകൾ

1.	155/19 വട്ടോളി കുനിയിമ്മൽ കനാൽ പമ്പ്ഹൌസ് മോട്ടോർ സ്ഥാപിക്കൽ	വികസനഫണ്ട് -ടി.എസ്.പി അടങ്കൽ-10,00,000/- ചെലവഴിച്ച തുക-706301 ട്രഷറിബിൽ നമ്പർ-44/18-9/26/03/19-443829 ട്രഷറിബിൽ നമ്പർ-15/20-21/20.04.20-262472	പമ്പ് ഹൌസ് നിർമ്മാണം-പൈപ്പ് ലൈൻ സ്ഥാപിക്കൽ ,മോട്ടോർ വാങ്ങൽ എന്നീ പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചത്.വൈദ്യുതികണക്ഷ തുക അടച്ചിട്ടുണ്ട്.ബാക്കി പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.മുൻപ് ഈ പ്രവൃത്തികൾ ചെയ്തതാണോയെന്നും വ്യക്തമല്ല.എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.പദ്ധതി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല.
2	89/19 ചാത്തൻകുഴി ജലസേചന മോട്ടോർ പമ്പ്ഹൌസ് ,ടാങ്ക്	വികസനഫണ്ട്-ജനറൽ അടങ്കൽ -10 ലക്ഷം ചെലവഴിച്ച തുക-923220 07/20-21/20.04.20-373283 36/20-21/26.05.20-549937	പമ്പ് ഹൌസ് നിർമ്മാണം-പൈപ്പ് ലൈൻ സ്ഥാപിക്കൽ ,മോട്ടോർ വാങ്ങൽ എന്നീ പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചത്.വൈദ്യുതികണക്ഷ തുക അടച്ചിട്ടുണ്ട്.ബാക്കി പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.മുൻപ് ഈ പ്രവൃത്തികൾ ചെയ്തതാണോയെന്നും വ്യക്തമല്ല.എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.പദ്ധതി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല.
3	260/21 കെല്ലൂർ വേലൂക്കരക്കുന്ന് ജലസേചനപദ്ധതി,ടാങ്ക്	വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ് അടങ്കൽ -4 ലക്ഷം	കുളം നിർമ്മാണം,പമ്പ് ഹൌസ്,പൈപ്പ ലൈൻ റിപ്പയർ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ബാക്കി

	മോട്ടോർ,അനുബന്ധസൌകര്യം ഒരുക്കൽ	ചെലവഴിച്ച തുക-349577 ട്രഷറിബിൽ നമ്പർ-93/20-21/26.03.21	പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.മുൻപ് ഈ പ്രവൃത്തികൾ ചെയ്തതാണോയെന്നും വ്യക്തമല്ല.എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.പദ്ധതി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല.
4	88/19 എടവക ജലസേചനകനാൽ	വികസനഫണ്ട് ജനറൽ അടങ്കൽ-1180000 ചെലവഴിച്ച തുക-1053862 23/19-20/16.03.20-470509 3/20-21/20.04.20-222809 64/20-21/16.10.20 360544	പമ്പ് ഹൌസ് നിർമ്മാണം,കനാൽ നിർമ്മാണം,മോട്ടോർ വാങ്ങൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ബാക്കി പ്രവൃത്തികൾ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല.മുൻപ് ഈ പ്രവൃത്തികൾ ചെയ്തതാണോയെന്നും വ്യക്തമല്ല.എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.പദ്ധതി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല.

ഓഡിറ്റ് എൻകൂയറി.നം. 20 / 20-21തീയതി 23.03.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.വിവരങ്ങളുടെ അഭാവത്തിൽ 3032960രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 റോഡ് സൈഡ് സംരക്ഷണപ്രവൃത്തികൾ- സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാത്തതിനാൽ അധികച്ചെലവ്

2020-21 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് പ്രവൃത്തികളിൽ സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറക്കാതെ തുക നൽകിയതിനാൽ അധികച്ചെലവ് വന്നിട്ടുണ്ട്.

1.പേര്യ 37 റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ്.

പ്രോജക്ട്	പേര്യ 37 റോഡ് സൈഡ് കെട്ട് മണ്ണ് ഫില്ലിംഗ്
നിർവഹണം	അസി.എഞ്ചിനീയർ
അടങ്കൽ & ഫണ്ട്	₹500000/- (വികസനഫണ്ട്-ജനറൽ)
ചെലവ്	₹499626/- ട്രഷറി നമ്പർ-67/20-21/20.01.21
കരാർ നമ്പർ & തീയതി	AEE/LSGD/02/2020-21/02.06.20
കരാറുകാരൻ	ഉസ്മാൻ .ഇ.
അളവ് പുസ്തക നമ്പർ	59/19-20
പൂർത്തിയാക്കേണ്ടിയിരുന്ന തീയതി	കരാറിൽ പൂർത്തീകരണകാലാവധി ചേർത്തിട്ടില്ല.

